**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2220** **13-09-2023 - ൽ മറുപടിയ്ക്ക്**

**ക്രിമിനൽ കേസുകളിൽ പ്രതികളായ അന്യസംസ്ഥാന തൊഴിലാളികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ക്രിമിനൽ കേസുകളിൽ പ്രതികളായ അന്യസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് എത്തിച്ചേർന്ന് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നു എന്നത് ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇതു തടയാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | ഉണ്ട്. കുറ്റകൃത്യത്തിൽ ഏർപ്പെടുന്നവരുടെ ക്രിമിനൽ പശ്ചാത്തലം മനസ്സിലാക്കുന്നതിന് ജില്ലാതലത്തിൽ സ്പെഷ്യൽ ബ്രാഞ്ചിന്റെ സഹായത്തോടെ ഇതര സംസ്ഥാന തൊഴിലാളികളെ നിരീക്ഷിച്ച് വരുന്നു. ICJS (Inter Operable Criminal Justice System) ഉപയോഗിച്ച് ഇതര സംസ്ഥാന തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിച്ച് വരുന്നു. ജനമൈത്രി ബീറ്റ് പോലീസ് ഉദ്യോഗസ്ഥർ ഇതര സംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കുകയും ക്രിമിനൽ സ്വഭാവം ഉള്ളവരെ പ്രത്യേകം നിരീക്ഷിച്ചു വരുകയും ചെയ്യുന്നു. |
| (ബി) | ആലുവയിൽ പിഞ്ചു കുഞ്ഞിനെ ക്രൂരമായി ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിലും മലപ്പുറം ചേളാരിയിൽ നാല് വയസ്സുകാരിയെ പീഡിപ്പിച്ച കേസിന്റെ പശ്ചാത്തലത്തിലും അന്യസംസ്ഥാനങ്ങളിൽ നിന്നും ക്രിമിനൽ പശ്ചാത്തലമുള്ളവർ സംസ്ഥാനത്ത് എത്തി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നത് തടയാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും മതിയായ രേഖകളില്ലാതെ കേരളത്തിൽ എത്തി ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരെ കർശനമായി നിരീക്ഷിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്തുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ ഏറ്റവും പുതിയ കണക്കുകൾ ശേഖരിക്കുന്നതിലേയ്ക്കും അവ ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിനും വേണ്ടി 08.08.2023 ൽ 374/Camp/ADGP LO/2023 നം. പ്രകാരമുള്ള നിർദ്ദേശങ്ങൾ ADGP Law & Order ഓഫീസിൽ നിന്നും സോൺ ഐ.ജിമാർ, റേഞ്ച് ഡി.ഐ.ജി മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചു |

| | | | |
|---|---|---|---|
| | | | വരികയുമാണ്. ടി നടപടികൾ പൂർത്തീകരിക്കുന്നതോടു കൂടി എത്ര ഇതര സംസ്ഥാന തൊഴിലാളികൾ നിലവിലുണ്ട് എന്ന കണക്കുകൾ ലഭ്യമാകുന്നതാണ്.<br><br>കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന അതിഥി തൊഴിലാളികളുടെ വിവരശേഖരണം പോലീസ് സ്റ്റേഷനുകൾ വഴി യഥാവിധം നടത്തി വരുന്നുണ്ടെങ്കിലും ക്രിമിനൽ പശ്ചാത്തലമുള്ളവരുടെയോ മറ്റ് സംസ്ഥാനങ്ങളിൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് കേരളത്തിലെത്തുന്നവരുടെയോ വിവരങ്ങൾ ശേഖരിക്കുന്നതിന് പോലീസിന് പരിമിതികളുണ്ട്. ഓരോ പോലീസ് സ്റ്റേഷൻ അതിർത്തിയിലും തൊഴിൽദാതാക്കളോ, കോൺട്രാക്ടർമാരോ, വീട് വാടകയ്ക്ക് നൽകുന്നവരോ ഇപ്രകാരം താമസിക്കുന്ന തൊഴിലാളികളുടെ വിവരങ്ങൾ പലപ്പോഴും കൃത്യമായി ശേഖരിച്ച് വയ്ക്കാത്തതിനാൽ ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണമോ വിവര ശേഖരണമോ കൃത്യമായി തിട്ടപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. അതിനാൽ ഓരോ വർഷവും ലക്ഷക്കണക്കിന് തൊഴിലാളികൾ കേരളത്തിൽ വന്നു പോകുന്ന സാഹചര്യമുള്ളതിനാൽ ടിയാളുകളുടെ കൃത്യമായ വിവര ശേഖരത്തിനു ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ